**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4708** **02-07-2024 - ൽ മറുപടിയ്ക്ക്**

**വാട്ടർ അതോറിറ്റിയിൽ ഓൺലൈൻ സ്ഥലംമാറ്റം**

| **ചോദ്യം** | | **ഉത്തരം** | |
|---|---|---|---|
| **ശ്രീ. പി. സി. വിഷ്ണുനാഥ്** | | **ശ്രീ. റോഷി അഗസ്റ്റിൻ**<br>**(ജലവിഭവ വകുപ്പ് മന്ത്രി)** | |
| (എ) | കേരള വാട്ടർ അതോറിറ്റിയിൽ ഓൺലൈൻ സ്ഥലംമാറ്റത്തിൽ ക്രമക്കേട് കണ്ടെത്തിയതിനെത്തുടർന്ന് കരട് പട്ടിക റദ്ദാക്കിയിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കാമോ; | (എ) | സാങ്കേതിക തകരാർ NIC റിപ്പോർട്ട് ചെയ്തതിനാൽ കരട് പട്ടിക പുന:പ്രസിദ്ധീകരിച്ചിട്ടുണ്ട്. അന്തിമ പട്ടിക പ്രസിദ്ധീകരിക്കാനുള്ള നടപടികൾ നടന്നു വരുന്നു. |
| (ബി) | ജി-സ്പാർക്ക് വഴി അപേക്ഷകൾ തയ്യാറാക്കിയ പട്ടികയിൽ മാനദണ്ഡങ്ങൾ പാലിക്കപ്പെടാതിരുന്നതിന്റെ കാരണം വ്യക്തമാക്കുമോ; ഒരേ തസ്തികയിൽ വർഷങ്ങൾ പൂർത്തിയാക്കിയവരുടെ വിശദാംശം ഓഫീസുകളുടെ ചുമതലയുള്ളവർ റിപ്പോർട്ട് ചെയ്യാതിരുന്നിട്ടുണ്ടോ; എങ്കിൽ ഉത്തരവാദികളായ ഉദ്യോഗസ്ഥർക്കെതിരെ എന്തൊക്കെ നടപടി സ്വീകരിച്ചു എന്ന് വ്യക്തമാക്കുമോ; | (ബി) | ജനറൽ ട്രാൻസ്ഫർ സർക്കാർ ഉത്തരവ് പ്രകാരം ജി-സ്പാർക്ക് മുഖേന NIC ആണ് നടത്തിവരുന്നത്. ഒരേ തസ്തികയിൽ, വർഷങ്ങൾ പൂർത്തിയാക്കിയവരുടെ വിവരങ്ങൾ ഓഫീസ് ചുമതലയുള്ളവർ റിപ്പോർട്ട് ചെയ്യണമെന്ന വ്യവസ്ഥ, ജനറൽ ട്രാൻസ്ഫർ ഉത്തരവുമായി ബന്ധപ്പെട്ട് നിലനിൽക്കുന്നില്ല. |
| (സി) | ഓൺലൈൻ സ്ഥലംമാറ്റത്തിലെ ക്രമക്കേടുകൾ വിജിലൻസ് വിഭാഗം പരിശോധിച്ചിട്ടുണ്ടോ; എങ്കിൽ കണ്ടെത്തലുകൾ എന്തൊക്കെയാണെന്ന് റിപ്പോർട്ടിന്റെ പകർപ്പ് സഹിതം ലഭ്യമാക്കുമോ? | (സി) | വാട്ടർ അതോറിറ്റിയിലെ ഇന്റേണൽ വിജിലൻസ് വിഭാഗത്തിന് ഓൺലൈൻ സ്ഥലംമാറ്റവുമായി ബന്ധപ്പെട്ട വ്യക്തിഗത പരാതികൾ ലഭിച്ചിട്ടുണ്ട്. ഇവ പരിശോധിച്ച് വരുന്നു. പൊതു സ്ഥലം മാറ്റവുമായി ബന്ധപ്പെട്ട് സർക്കാർ വിജിലൻസ് വിഭാഗം പരിശോധനകൾ ഒന്നും തന്നെ അതോറിറ്റിയിൽ നടത്തിയിട്ടില്ല. എന്നാൽ വ്യക്തികളുമായി ബന്ധപ്പെട്ട് സർക്കാർ വിജിലൻസ് വിഭാഗം 04.03.2024ൽ അതോറിറ്റിയോട് ആവശ്യപ്പെട്ട റിപ്പോർട്ട് വാട്ടർ അതോറിറ്റി നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ